IX ക്രമപ്രശ്നം

ഡെപ്യൂട്ടി സ്പീക്കറുടെ രാജി

12.17 PM]

ശ്രീ. മാത്യു റ്റി. തോമസ് : സർ, ആദരണീയനായ സ്പീക്കർ ജി. കാർത്തികേയൻ മരണപ്പെട്ടതോടുകൂടി സ്പീക്കർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. സ്പീക്കർ തെരഞ്ഞെടുപ്പ് നടക്കണം, സഭയ്ക്ക് നാഥനുണ്ടാകണം. അതുകൊണ്ട് ഇതൊരു തടസ്സവാദമായി പരിഗണിക്കരുത്. ഭരണഘടനയുടെ 179-ാം അനുച്ഛേദപ്രകാരം സ്പീക്കർക്ക് രാജി വയ്ക്കണമെങ്കിൽ സ്വന്തം കൈപ്പടയിൽ രാജിക്കത്ത് എഴുതി ഡെപ്യൂട്ടി സ്പീക്കർക്ക് നൽകണം. ഡെപ്യൂട്ടി സ്പീക്കർക്ക് രാജി വയ്ക്കണമെങ്കിൽ സ്വന്തം കൈപ്പടയിൽ രാജിക്കത്ത് എഴുതി സ്പീക്കർക്ക് നൽകണം. ഇവിടെ ഞങ്ങൾക്ക് നൽകിയിരിക്കുന്ന ബുള്ളറ്റിൻ പ്രകാരം (ബുള്ളറ്റിൻ നമ്പർ 704) ഇന്നലെ അപരാഹ്നം മുതൽ ഡെപ്യൂട്ടി സ്പീക്കർ രാജിവച്ചിരിക്കുന്നു. അപരാഹ്നം എന്നുപറഞ്ഞാൽ സൂര്യവെളിച്ചമുള്ള പകൽസമയത്തെ മൂന്നായി തിരിച്ചാൽ അവസാനത്തെ മൂന്നാംഭാഗം എന്നാണ്. 7.45 വരെ ഡെപ്യൂട്ടി സ്പീക്കർ ചെയറിലുണ്ടായിരുന്നു. രാജിവച്ചതിനുശേഷമാണോ അദ്ദേഹം ചെയറിലുണ്ടായിരുന്നതെന്ന തർക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ച് ഡെപ്യൂട്ടി സ്പീക്കർ സ്വന്തം കൈപ്പടയിൽ എഴുതിയ രാജിക്കത്ത് സ്പീക്കർക്ക് നൽകണം. എന്നാൽ സ്പീക്കർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ അത് സാധിക്കുകയില്ല. അതുകൊണ്ട് ഈ രാജിക്കത്ത് എങ്ങനെ കൈകാര്യം ചെയ്യുവെന്നത് സംബന്ധിച്ച് സഭയെ അറിയിച്ചാൽ സഭയ്ക്ക് ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകും. കേരളത്തിൽ ഇങ്ങനെയൊരു സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് അറിയില്ല. പാർലമെന്റിൽ സ്പീക്കർക്ക് അഡ്രസ് ചെയ്ത് സെക്രട്ടറിക്ക് രാജിക്കത്ത് നൽകുന്ന കീഴ്വഴക്കമാണ്, അതാണ് ഇവിടെയും തുടരുന്നതെങ്കിൽ അത് രേഖപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന് കരുതിയാണ് ഈ വിഷയം ഞാൻ ഉന്നയിക്കുന്നത്.

രണ്ടാമത്തെ വിഷയം, സഭാനടപടിക്രമം എട്ടാം ചട്ടപ്രകാരം സ്പീക്കർ തെരഞ്ഞെടുപ്പിനുള്ള തീയതി നിശ്ചയിക്കാനുള്ള അധികാരം ഗവർണ്ണർക്കാണ്. എന്നാൽ ഗവർണ്ണർ തീയതി നിശ്ചയിച്ചതായി ഞങ്ങളെ അറിയിച്ചിട്ടില്ല. ആ തീയതി ഞങ്ങളെ അറിയിക്കാനുള്ള ഉത്തരവാദിത്വം നിയമസഭാ സെക്രട്ടറിക്കാണെന്നത് ഞാൻ സമ്മതിക്കുന്നു. ഇവിടെ ഉപധനാഭ്യർത്ഥനകൾക്കുള്ള പ്രമേയം അവതരിപ്പിക്കുന്നതിനാവശ്യമായ ശിപാർശ ഗവർണ്ണർ നൽകിയിട്ടുണ്ടെന്നാണ് ബുള്ളറ്റിൻ പ്രകാരം അറിയിക്കുന്നത്. പക്ഷേ സ്പീക്കർ തെരഞ്ഞെടുപ്പിന്റെ പരിപാടി സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞുള്ള സെക്രട്ടറിയുടെ കത്ത് മാത്രമേയുള്ളൂ. ആ തീയതി നിശ്ചയിച്ചത് ഗവർണ്ണറാണ് എന്ന ബുള്ളറ്റിൻ നേരത്തെ ഉണ്ടായിരുന്നിരിക്കില്ല. അത് ഉണ്ടാകുന്നതാണ് അഭികാമ്യം.

മൂന്നാമത്തെ വിഷയം, ഒരു തെരഞ്ഞെടുപ്പ് ഷെഡ്യൂൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതിൽ മാറ്റം വരുത്തുന്നത് അത്യപൂർവമായ സാഹചര്യങ്ങളിൽ മാത്രമാണ്. സ്പീക്കർ തെരഞ്ഞെടുപ്പ് നാളെ രാവിലെ 10 മണി എന്ന് അറിയിച്ചതിനുശേഷം രാവിലെ 9.30 എന്നാക്കി വീണ്ടും ബുള്ളറ്റിൻ തന്നിരിക്കുന്നു. തെരഞ്ഞെടുപ്പ് നടത്താൻ 9.30 മണിയാണ് സൗകര്യം എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ സമയം നിശ്ചയിച്ചതിനുശേഷം മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കണം. ഇതൊരു തടസ്സവാദമല്ല. ഈ മൂന്ന് വിഷയങ്ങളിലും വ്യക്തത വരുത്തണമെന്നതാണ് ഞാൻ ഉന്നയിക്കുന്നത്.

12.17 PM]

<u>മി. പ്രോട്ടെം സ്പീക്കർ</u> : നിയമസഭാ സ്പീക്കറുടെ തസ്തിക ജി. കാർത്തികേയന്റെ നിര്യാണംമൂലം 7-3-2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇന്നലെ (10-3-2015) രാത്രി 7.50-ന് തന്റെ സ്ഥാനം രാജിവച്ചു. ഭരണഘടന (179 (ഡി) പ്രകാരം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ തന്റെ രാജിക്കത്ത് ബഹുമാനപ്പെട്ട സ്പീക്കർക്കാണ് നൽകേണ്ടത്. എന്നാൽ സ്പീക്കർ സ്ഥാനം ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ പേരിൽ നൽകുന്ന രാജിക്കത്ത് നിയമസഭാ സെക്രട്ടറിയെയാണ് ഏൽപ്പിക്കേണ്ടത്. കൗൾ ആന്റ് ശക്ധർ പേജ് നമ്പർ 104-ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം നിയമസഭാ സ്പീക്കറുടെ പേരിൽ ഇന്നലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ തന്റെ രാജിക്കത്ത് നിയമസഭാ സെക്രട്ടറിക്കാണ് നൽകിയത്. നിയമസഭാ ചട്ടം 7(1) പ്രകാരം " The election of a Speaker shall be held on such date as the Governor may fix, and the Secretary shall send to every member notice of the date so fixed" എന്നാണ്. 12.3.2015-ൽ നിയമസഭാ സ്പീക്കറുടെ തെരഞ്ഞെടുപ്പ് നടത്തുവാൻ ഈ ചട്ടപ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ ഉത്തരവ് നൽകുകയും 682-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം ഇലക്ഷൻ സംബന്ധിച്ച അറിയിപ്പ് അംഗങ്ങൾക്ക് നൽകുകയുമാണുണ്ടായത്. 12-3-2015-ൽ സീറോ അവറിന്റെ ആരംഭത്തിൽ ഇലക്ഷൻ നടത്തുന്നത് കൂടുതൽ ഉചിതമായതിനാലാണ് 682-ാം നമ്പർ ബുള്ളറ്റിനിലെ ഇലക്ഷൻ സമയം 10 മണി എന്നത് 9.30 എന്നാക്കി മാറ്റി 706-ാം നമ്പർ ബുള്ളറ്റിൻ പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly